DESPATCHED
On...24-06-20
19/3/20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 894(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **6340**/എസ്.ഐ.സി-ജി 6/19)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.ജെ.ജോൺസൺ,
പുത്തൻപുരയ്ക്കൽ വില്ല,
പുന്നപ്ര പി.ഒ., ആലപ്പുഴ,
പിൻ – 688 004. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്(സി-സെക്ഷൻ),
താലൂക്ക് ഓഫീസ്, അമ്പലപ്പുഴ.

2. അപ്പീൽ അധികാരി&
തഹസിൽദാർ,
താലൂക്ക് ഓഫീസ്, അമ്പലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.01.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.03.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.04.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.10.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ജെ.ജോൺസൺ,

10.04.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 11.04.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.894(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി ലഭിച്ചില്ലെന്നും ചില വിവരങ്ങൾ ലഭ്യമല്ല എന്ന എസ്.പി.ഐ.ഒ.യുടെ മറുപടി ഒന്നാം അപ്പീൽ അധികാരി ശരിവയ്ക്കുകയാണ് ചെയ്തതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന ക്രമനമ്പർ 1, 4 എന്നീ വിവരങ്ങൾ നൽകുന്നതിനും പരിശോധിക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവാകണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 28.12.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടി ഓഫീസിൽ നിന്നും 21.11.1980ൽ നൽകിയ(പുന്നപ്ര വില്ലേജ്) LA 17/80, LA 18/80, LA21/80, LA 22/80, LA 23/80 എന്നീ പട്ടയങ്ങൾ സംബന്ധിച്ച ഫയലുകളുടെ പൂർണ്ണ പകർപ്പുകൾ നൽകണമെന്നും C4-10347/15, N3-22138/15 എന്നീ ഫയലുകളിൽ ഉൾപ്പെടുന്ന പട്ടയത്തിന്റെ പകർപ്പുകൾ നൽകണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 22.01.2019ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 06.03.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപ്പീലിന്മേൽ ഒന്നാം എതിർകക്ഷിയുടേയും ഹർജിക്കാരന്റേയും വാദം കേൾക്കുന്നതിന് 02.03.2019ന് ഹാജരാകുന്നതിന് നോട്ടീസ് നൽകുകയും ഇരുകക്ഷികളും ഹാജരാകുകയും ചെയ്തുവെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1, 3, 4 എന്നിവയ്ക്ക് ഒന്നാം എതിർകക്ഷി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്ന് ടിയാൻ അറിയിക്കുകയും എന്നാൽ ടി വിവരങ്ങൾ ഓഫീസിൽ നിലവിൽ ലഭ്യമല്ലെന്ന് ഒന്നാം എതിർകക്ഷി അറിയിക്കുകയും ചെയ്തുവെന്നും ടി മറുപടിയിൽ അപാകതയില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാൽ ടിയാന്റെ അപ്പീൽ നിരസിച്ച് ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 24.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 2, 4 എന്നീ ഇനങ്ങൾക്ക് പൂർണ്ണമായ വിവരങ്ങൾ ലഭ്യമായില്ലെന്നും

രണ്ടാം ഇനത്തിൽ ഒരു വിവരം മാത്രമേ നൽകിയുള്ളുവെന്നും ബഹു.ചീഫ് കമ്മീഷണറുടെ ഉത്തരവിൽ ടിയാന് എല്ലാ വിവരങ്ങളും നൽകാനാണ് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതെന്നുമാണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 1980ലെ രേഖകളാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും 2013ൽ എൽ.എ. ഫയലുകളും മറ്റു ചില ഫയലുകളും പുരാരേഖാ വകുപ്പിന് കൈമാറിയിട്ടുള്ളതാണെന്നും ആയത് 2014 ൽ കെ-ഡിസ് ആയി തീർപ്പാക്കിയെന്നുമാണ്. മാത്രമല്ല ബഹു.ചീഫ് കമ്മീഷണറുടെ ഉത്തരവിൽ ക്രമ നമ്പർ 4 മാത്രമാണ് പരിശോധിക്കാൻ ആവശ്യപ്പെട്ടതെന്നും കോ-റിലേഷൻ സ്റ്റേറ്റ്മെന്റും ബി.റ്റി.ആറും കൈകാര്യം ചെയ്യുന്നത് വേറെ സെക്ഷനിലാണെന്നും അവിടെ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ കെ.ഡിസ് ആയി തീർപ്പാക്കിയെന്നു പറയുന്ന രേഖയുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടു പ്രകാരം ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 19-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION * KERALA, THIRUVA